"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിലെ,കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന 5287 എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചത് പോലെ 2022-2023 സാമ്പത്തിക വർഷവും 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2022/SJD തീയതി,തിരുവനന്തപുരം, 29-10-2022

---

പരാമർശം:-

1. സ. ഉ. (കൈ) നമ്പർ. 26/2021/സാനീവ തീയതി 18.11.2021
2. സ. ഉ. (സാധാ) നം. 34/2022/സാനീവ തീയതി 15.02.2022
3. കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.08.2022 ലെ കെ.എസ്.എസ്.എം/39/2021/പി.2 നമ്പർ കത്ത്

**ഉത്തരവ്**

മൂന്ന് മാസത്തിനുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന നിബന്ധനയോടെ, കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന 5357 എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻ വർഷങ്ങളിൽ അനുവദിച്ചത് പോലെ 2021-2022 സാമ്പത്തിക വർഷവും 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം 2235-60-200-72-(04) പ്ലാൻ ശീർഷകത്തിൽ അനുവദിച്ച് പരാമർശം 1-പ്രകാരം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ പരാമർശം-2 ലെ ഉത്തരവ് പ്രകാരം മേൽപറഞ്ഞ മസ്റ്ററിംഗ് പൂർത്തീകരിയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ അംഗീകരിച്ച് നൽകുകയുണ്ടായി. സ്നേഹസാന്ത്വനം പദ്ധതി പ്രകാരം പെൻഷൻ ലഭിയ്ക്കുന്നവരുടെ മസ്റ്ററിംഗ് പൂർത്തീകരിയ്ക്കുന്നതിനായി ജീവൻരേഖ സോഫ്റ്റ് വെയർ ഉപയോഗിയ്ക്കുന്നതിന് സാമൂഹ്യസുരക്ഷാ മിഷന് അനുമതി നൽകുകയും മസ്റ്ററിംഗ് സേവനത്തിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലെ അക്ഷയ കേന്ദ്രങ്ങൾ സജ്ജമാക്കുന്ന വിഷയത്തിലുള്ള തുടർനടപടി അക്ഷയ ഡയറക്ടറുമായി ബന്ധപ്പെട്ട് സ്വീകരിയ്ക്കുവാൻ സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിരുന്നു.

എന്നാൽ ദുരിതബാധിതരുടെ ആധാർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ശേഖരിച്ച് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം മസ്റ്ററിംഗിനുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് അക്ഷയ മുഖേന മസ്റ്ററിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ ദുരിതബാധിതരുടെ വിവരശേഖരണം നടന്നുവരികയാണ് എന്നും 2022 സെപ്തംബർ മാസത്തിൽ ഓണത്തിന് മുമ്പായി മസ്റ്ററിംഗ് പൂർത്തീകരിയ്ക്കാൻ സാധിയ്ക്കില്ല എന്നും ആയതിനാൽ മസ്റ്ററിംഗ്

പൂർത്തിയാക്കുന്ന നടപടിയിൽ ഇത്തവണത്തേയ്ക്ക് കൂടി ഇളവ് നൽകി ഓണത്തോടനുബന്ധിച്ച് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന 5287 പേർക്ക് 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 3-പ്രകാരം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന നടപടിയിൽ ഇത്തവണത്തേയ്ക്ക് കൂടി ഇളവ് നൽകി, കാസർഗോഡ് ജില്ലയിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷൻ ലഭിയ്ക്കുന്ന 5287 പേർക്ക് ഓണത്തോടനുബന്ധിച്ച് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം, 2022-2023 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ് : എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ,
പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി & എസ്.എസ്.എ /
എ &ഇ) കേരളം, തിരുവനന്തപുരം / തൃശ്ശൂർ
പൊതുഭരണ(എസ്.സി) വകുപ്പ്(26.10.2022 ലെ ഇനം നം.1113 പ്രകാരം)
ധനകാര്യ വകുപ്പ് ( 06.09.2022 ലെ ഡബ്ല്യു. ഡബ്ല്യു-ഡബ്ല്യു.
ഡബ്ല്യു2/346/2017-ധന (ഇ-584613) പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, ന്യൂ മീഡിയാ ഡിവിഷൻ,
വിവരപൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി )
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Vipin.s.d.**
**Date: 29-10-2022 16:24:14**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-10-2022

ഫയൽ നം. 153/എ1/2022/സാനീവ. ഇനം നം: 1113

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിക്കുന്ന കാസർഗോഡ് ജില്ലയിലെ 5287 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

1113

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം | : | 153/എ 1/2022/സാനീവ |
| 02 | വകുപ്പ് | : | സാമൂഹ്യനീതി (എ) വകുപ്പ് |
| 03 | വിഷയം | : | സാ.നീ.വ. - കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിക്കുന്ന കാസർഗോഡ് ജില്ലയിലെ 5287 എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം അനുവദിയ്ക്കുന്നത് സംബന്ധിച്ച് |
| 04 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.10.2022 |
| 05 | (i)സാമ്പത്തികബാധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 06 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ബാധകമല്ല |
| 07 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശ്രീകല എസ്. |
| 08 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ്ജ്. |
| 09 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.10.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.10.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.ആർ.ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.10.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.10.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന കാസർഗോഡ് ജില്ലയിലെ 5287 എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിയ്ക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മൂന്ന് മാസത്തിനുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന നിബന്ധനയോടെ, കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന 5357 എൻഡോസൾഫാൻ ദുരിതബാധിതർക്ക് മുൻ വർഷങ്ങളിൽ അനുവദിച്ചത് പോലെ 2021-22 സാമ്പത്തിക വർഷവും 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം 2235-60-200-72 (04)-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് 18.11.2021 ലെ സ.ഉ. (കൈ) നം. 26/2021/സാനീവ പ്രകാരം കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. മസ്റ്ററിംഗ് കൃത്യസമയത്ത് പൂർത്തിയാക്കാതെ വന്നാൽ അത് സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വ്യക്തിപരമായ വീഴ്ചയായി കണക്കാക്കുന്നതായിരിയ്ക്കും എന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്നു. തുടർന്ന് മസ്റ്ററിംഗ് പൂർത്തീകരിയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ അംഗീകരിച്ച് നൽകുകയും സ്നേഹസാന്ത്വനം പദ്ധതി പ്രകാരം പെൻഷൻ ലഭിയ്ക്കുന്നവരുടെ മസ്റ്ററിംഗ് പൂർത്തീകരിയ്ക്കുന്നതിനായി ജീവൻരേഖ സോഫ്റ്റ് വെയർ ഉപയോഗിയ്ക്കുന്നതിന് സാമൂഹ്യസുരക്ഷാ മിഷന് അനുമതി നൽകുകയും മസ്റ്ററിംഗ് സേവനത്തിനായി എൻഡോസൾഫാൻ ദുരിതബാധിതപഞ്ചായത്തുകളിലെ അക്ഷയകേന്ദ്രങ്ങൾ സജ്ജമാക്കുന്ന വിഷയത്തിലുള്ള തുടർനടപടി അക്ഷയ ഡയറക്ടറുമായി ബന്ധപ്പെട്ട് സ്വീകരിയ്ക്കുവാൻ സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശവും 18.06.2022-ൽ നൽകിയിരുന്നു . ദുരിതബാധിതരുടെ ആധാർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ശേഖരിച്ച് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം മസ്റ്ററിംഗിനുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് അക്ഷയ മുഖേന മസ്റ്ററിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ ദുരിതബാധിതരുടെ വിവരശേഖരണം നടന്നുവരികയാണ് എന്നും 2022 സെപ്റ്റംബർ മാസത്തിൽ

ഓണത്തിന് മുമ്പായി മസ്റ്ററിംഗ് പൂർത്തീകരിയ്ക്കാൻ സാധിയ്ക്കില്ല എന്നും ആയതിനാൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന നടപടിയിൽ ഇത്തവണത്തേയ്ക്ക് കൂടി ഇളവ് നൽകി ഓണത്തോടനുബന്ധിച്ച് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം കാസർഗോഡ് ജില്ലയിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പെൻഷൻ ലഭിയ്ക്കുന്ന 5287 പേർക്ക് 2235-60-200-72 (04)-(പി) എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 26.08.2022-ൽ ആവശ്യപ്പെട്ടിരുന്നു.

3) ഈ വിഷയത്തിൽ ധനകാര്യ (വെൽഫയർ) വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"ഭരണ വകുപ്പ് ശുപാർശ അംഗീകരിച്ചു കൊണ്ട് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ നിരക്കിൽ ധനസഹായം അനുവദിയ്ക്കുന്നതിന് അനുമതി നൽകുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരവുമുണ്ട്."

4) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിയ്ക്കേണ്ട വിഷയം</u>

എൻഡോസൾഫാൻ ദുരിതബാധിതരുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന നടപടിയിൽ ഇത്തവണത്തേയ്ക്ക് കൂടി ഇളവ് നൽകി, കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷൻ ലഭിയ്ക്കുന്ന 5287 പേർക്ക് ഓണത്തോടനുബന്ധിച്ച് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം, 2022-2023 സാമ്പത്തിക വർഷത്തെ 2235-60-200-72 (04)-(പി) എന്ന ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള അനുമതി കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകാമോ?